പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1583 **01-07-2026-ൽ മറുപടിയ്ക്ക്**

നെടുമങ്ങാട് ജില്ലാ ആശുപത്രിയുടെ ബഹുനില കെട്ടിട നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. ആർ. അനിൽ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) കിഫ്ബി ഫണ്ടിൽ നിന്നുള്ള തുക വിനിയോഗിച്ച് ഭരണാനുമതി ലഭ്യമാക്കി ജെയിൻ കൺസ്ട്രക്ഷൻ കമ്പനിയുമായി കരാർ വച്ച് 2026 ഫെബ്രുവരിയിൽ നിർമ്മാണ ഉദ്ഘാടനം നടത്തിയ നെടുമങ്ങാട് ജില്ലാ ആശുപത്രിയുടെ ബഹുനില കെട്ടിട നിർമ്മാണ പ്രവൃത്തി വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

മറുപടി: 2026 ഫെബ്രുവരി 22-ന് നിർമ്മാണ ഉദ്ഘാടനം നിർവ്വഹിച്ച കിഫ്ബി പ്രോജക്ട് കെട്ടിടത്തിനായുള്ള സ്ഥലത്ത് തടസ്സമായി നിൽക്കുന്ന 13 മരങ്ങൾ മുറിച്ചു മാറ്റുന്നതിന് അനുമതി ലഭ്യമാകുകയും, തുടർന്ന് ലേലം/ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടും ആരും തുക ക്വോട്ട് ചെയ്യാത്ത സാഹചര്യമാണ് ഉണ്ടായത്. ആയതിനാൽ പ്രസ്തുത ലേലം/ക്വട്ടേഷനുകളിൽ ഏറ്റവും കൂട്ടതൽ തുക ക്വോട്ട് ചെയ്യുന്ന വ്യക്തിക്ക് മരം നൽകാൻ ജില്ലാ പഞ്ചായത്ത് തലത്തിലും നെടുമങ്ങാട് മുൻസിപ്പാലിറ്റി തലത്തിലും തീരുമാനിച്ച് തുടർ നടപടികൾ സ്വീകരിച്ച് വരുന്നു.

05/12/2025-ൽ HIETSസമർപ്പിച്ച അപേക്ഷ പ്രകാരം അണ്ടർഗ്രൗണ്ട് സർവീസ് ലേഔട്ട് പ്ലാൻ (Underground Service Layout Plan) ഇലക്ട്രിക്കൽ വിംഗ്-ന് നൽകാൻ ആവശ്യപ്പെട്ടിരുന്നു. ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ വിംഗ് നടത്തിയ പരിശോധനയിൽ എക്സ്കവേഷൻ (Excavation) ജോലി പുരോഗമിക്കുമ്പോൾ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെന്ന് അറിയിക്കുകയും ആയത് പ്രകാരം മേൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ലഭ്യമാക്കാൻ ഇലക്ട്രിക്കൽ വിംഗിന് കത്ത് നൽകിയിട്ടുമുണ്ട്. തുടർന്ന് ഡ്രാഫ്റ്റ് എസ്റ്റിമേറ്റ് ലഭ്യമാക്കുകയും, ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുന്നതാണ്. കൂടാതെ കാലതാമസം ഒഴിവാക്കുന്നതിനായി പഞ്ചായത്ത് അധികൃതരുടെ അനുമതി ലഭിച്ച പ്രകാരം എച്ച്.എം.സി ഫണ്ട് ചിലവഴിച്ച് മേൽ പ്രവൃത്തികൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

KIIFB Second Phase (Parking area, STP)

Second phase work നടക്കേണ്ട സ്ഥലത്താണ് ജില്ലാ ആശുപത്രിയുടെ Major Store, Canteen, പഞ്ചായത്ത് വക സ്നേഹം മെഡിക്കൽസ്, HLL Lab, HITES ന്റെ താൽകാലിക ഓഫീസ് എന്നിവ പ്രവർത്തിച്ചു വരുന്നത്. MLA Fund ഉപയോഗിച്ച് പണി പുരോഗമിക്കുന്ന Building -ന്റെ third floor-ലെ Store-ന്റെയും, lift-ന്റെയും പണിപൂർത്തിയായാൽ മാത്രമേ ഇപ്പോൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കെട്ടിടത്തിൽ നിന്ന് store മാറ്റി സ്ഥാപിക്കുവാൻ കഴിയുകയുള്ളൂ. ഈ കെട്ടിടങ്ങൾ Second Phase വികസനം തുടങ്ങുന്ന മുറയ്ക്ക് ഒഴിപ്പിക്കാവുന്നതാണ്.

കെട്ടിടം പണിയുന്നതിന് കണ്ടെത്തിയ സ്ഥലത്തെ മണ്ണ് മാറ്റുന്നതിന് അനുമതി നൽകുന്ന വിഷയം ഇ2/189/2026/ആ.കു.വ. നം ഫയലിൽ പരിശോധിച്ചു വരുന്നു.

(ബി) കെട്ടിടം പണിയുന്നതിന് കണ്ടെത്തിയ സ്ഥലത്തെ മണ്ണ് മാറ്റുന്നതിന് അനുമതി ലഭ്യമാക്കാൻ സമർപ്പിച്ച ഹെൽത്ത് ഇ2/189/2026 (comp no- 3518977) നമ്പർ ഫയൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) കെട്ടിട നിർമ്മാണ പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കാൻ സ്വീകരിച്ച തുടർനടപടികൾ വിശദീകരിക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ